Uncorrected/Not for publication
06-10-2025

മി. സ്പീക്കർ: ഓർഡർ....ഓർഡർ....അടുത്തതായി ശ്രദ്ധക്ഷണിക്കൽ.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, ഒരു കാര്യം പറയാനുണ്ട്.

മി. സ്പീക്കർ: യെസ്.

ശ്രീ. എം. ബി. രാജേഷ്: സർ, കേരള ചരിത്രത്തിൽ, നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപങ്ങൾ ഏറ്റവുമധികം ചർച്ചചെയ്ത സഭയെന്ന വിശേഷണമാണ് ഈ നിയമസഭയ്ക്ക് ലഭിക്കുന്നത്. ഒരുപക്ഷേ, ഇത് ലോക പാർലമെന്ററി ചരിത്രത്തിൽത്തന്നെ അത്യപൂർവ്വമായ സംഭവമായിരിക്കും. ഏത് വിഷയവും ചർച്ച ചെയ്യാനുള്ള സർക്കാരിന്റെ ആത്മവിശ്വാസവും ധൈര്യവും ജനാധിപത്യബോധവുമാണ് ഇതിലൂടെ വ്യക്തമാകുന്നത്. ഏതൊരു വിഷയവും ചർച്ചയിൽ അഭിമുഖീകരിക്കാൻ തയ്യാറുള്ള സർക്കാരിനെയും, ചർച്ചയ്ക്ക് പോലും തയ്യാറാകാതെ ഒളിച്ചോടുന്ന പ്രതിപക്ഷത്തെയുമാണ് ഇന്ന് കേരളം കണ്ടുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ ആറുദിവസത്തിനുള്ളിൽ നാലുതവണയാണ് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്തത്. ഈ സർക്കാരിന്റെ ആത്മവിശ്വാസത്തെയാണ് ഇത്

കാണിക്കുന്നത്. നടപടിക്രമമനുസരിച്ചുള്ള നോട്ടീസുപോലും നൽകാതെ സഭാനടപടികൾ തടസ്സപ്പെടുത്തുന്നതും അത്യപൂർവമായ തരത്തിൽ ചോദ്യോത്തരവേളതന്നെ തടസ്സപ്പെടുത്തുന്നതും പ്രതിപക്ഷത്തിന്റെ ഭീരുത്വത്തെയാണ് കാണിക്കുന്നത്. ഈ സഭ നിലവിൽ വന്ന് ഇതുവരെ 188 ദിവസം നിയമസഭ സമ്മേളിച്ചു. അതിൽ അടിയന്തരപ്രമേയ നോട്ടീസുപോലും കൊടുക്കാതിരുന്നത് ആകെ ഒൻപതു ദിവസം മാത്രമാണ്. ഇതൊരു പ്രധാനപ്പെട്ട വിഷയമാണെങ്കിൽ ഒരു നോട്ടീസെങ്കിലും കൊടുക്കാനുള്ള പാർലമെന്ററി മര്യാദയോ, സഭയോടുള്ള ബഹുമാനമോ ഇവർ കാണിക്കണ്ടേതായിരുന്നു. നോട്ടീസ് കൊടുത്താൽ സർക്കാർ അത് ചർച്ചയ്ക്കെടുക്കുകയാണെങ്കിൽ സ്വന്തം കള്ളി വെളിച്ചത്താവും എന്നതുകൊണ്ട് നോട്ടീസ് കൊടുക്കാൻ പോലും ധൈര്യമില്ലാത്തവരാണ് പ്രതിപക്ഷം. ഇവർക്ക് വേണമെങ്കിൽ ഈ വിഷയം സബ്മിഷനായി ഉന്നയിക്കാൻ ശ്രമിക്കാമായിരുന്നു; എന്നിട്ടും അനുവദിക്കുന്നില്ലെങ്കിൽ സഭ തടസ്സപ്പെടുത്തുന്നത് മനസ്സിലാക്കാം. നടപടിക്രമം അനുസരിച്ചുള്ള ശ്രമം നടത്താതെ, മുൻകൂട്ടി തയ്യാറാക്കിവച്ച തിരക്കഥയും ബാനറുമായി വന്ന പ്രതിപക്ഷം ജനങ്ങളുടെ മുന്നിൽ നഗ്നരാക്കപ്പെട്ടിരിക്കുകയാണ്. വസ്തുതകൾ

പുറത്തുവരുമെന്ന ഭയമാണ് ഇവർക്കുള്ളത്. വസ്തുതകൾ പുറത്തുവരണമെന്നല്ല പുകമറ നിലനിർത്തണമെന്നാണ് ഇവർ ആഗ്രഹിക്കുന്നത്. അതിനുവേണ്ടി മാത്രമാണ് ഈ നാടകം ഇവർ കാണിച്ചുകൊണ്ടിരിക്കുന്നത്. പിണറായി വിജയൻ സർക്കാരിന്റെ ട്രാക്ക് റെക്കോർഡ് എന്താണ്? തെറ്റ് ചെയ്തവർ ആരായിരുന്നാലും അവരെ കൈവിലങ്ങണിയിച്ച് തുറുങ്കിലടച്ച ചരിത്രമാണ് ഈ സർക്കാരിനുള്ളത്. അത് ഇവർക്ക് നന്നായിട്ടറിയാം. പ്രതിപക്ഷത്തിന്റെ ഈ നടപടി സഭയോടും, ചെയറിനോടും, കേരളത്തിലെ ജനങ്ങളോടും ജനാധിപത്യത്തോടുമുള്ള അനാദരവാണെന്ന് പറയാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: യെസ്.. പ്ലീസ്.. പ്ലീസ്.. പ്ലീസ്... ബഹുമാനപ്പെട്ട റോജി ജോൺ, പ്ലീസ്... ബാനർ ഒന്ന് മാറ്റൂ..... പ്ലീസ്... അവിടെ പോയിരിക്ക്. നിങ്ങൾ സഭ തടസ്സപ്പെടുത്തുന്നതിന്റെ ഗ്രൗണ്ട് എന്താണ്; അത് പറയൂ. സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് നിങ്ങൾ എഴുതി തന്നിട്ടുണ്ടോ; നിങ്ങൾ നോട്ടീസ് നൽകിയോ? ഒരു നോട്ടീസും നൽകിയിട്ടില്ല. നോട്ടീസ് നൽകൂ.... ഒരു നോട്ടിസുപോലും നല്കാതെ, ഒരു ഗ്രൗണ്ടും ഇല്ലാതെ ബഹളം ഉണ്ടാക്കരുത്.

## II ശ്രദ്ധക്ഷണിക്കൽ

(1) <u>സംസ്ഥാനത്തെ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതിന്റെയും മലയാറ്റൂർ വനമേഖലയിലെ അരേകാപ്പ് - വീരാങ്കുടി ആദിവാസി നഗറിലെ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതിന്റെയും ആവശ്യകത.</u>

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>: സർ, സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭൂപ്രശ്നങ്ങളും പുനരധിവാസവുമായി ബന്ധപ്പെട്ട വിഷയങ്ങളുമാണ് ഈ നിയമസഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി ഉദ്ദേശിക്കുന്നത്. ഈ വിഷയം ചർച്ച ചെയ്യാൻ അവസരം തരാതെ പ്രതിപക്ഷം ബഹളമുണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇവിടെ നേരത്തെ സൂചിപ്പിച്ചതുപോലെ പതിനഞ്ചാം കേരള നിയമസഭയിൽ 17 അടിയന്തര പ്രമേയങ്ങൾ ചർച്ച ചെയ്യപ്പെടുകയുണ്ടായി. അടിയന്തരപ്രമേയത്തിന് നോട്ടീസുപോലും നൽകാതെ പ്രതിപക്ഷം ഇവിടെ പ്രശ്നങ്ങൾ സൃഷ്ടിക്കുകയാണ്.

തൃശ്ശൂർ ജില്ലയിലെ അതിരപ്പള്ളി ഗ്രാമപഞ്ചായത്തിലെ മലയാറ്റൂർ വനമേഖലയിലെ മണ്ണിടിച്ചിലും ഉരുൾപൊട്ടൽ ഭീഷണിയും കാരണം വാസസ്ഥലം ഉപേക്ഷിക്കേണ്ടിവന്ന അരേക്കാപ്പ്-വീരാങ്കുടി ആദിവാസി നഗരത്തിലെ ആദിവാസി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള

പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് പുനരധിവാസം ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കണം. സംസ്ഥാനത്ത് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനും ഭൂമിക്ക് രേഖ നൽകുന്നതിനും സംസ്ഥാന സർക്കാർ സ്വീകരിച്ച പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുകയാണ്. വീരാങ്കുടി നിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി തൃശ്ശൂർ ജില്ലാഭരണകൂടവും പട്ടികവർഗ്ഗ വികസന വകുപ്പും വനം വകുപ്പും സംയുക്തമായി അരേകാപ്പ് ഉന്നതിയോടുചേർന്ന് കണ്ടെത്തിയ കോടശ്ശേരി പഞ്ചായത്തിലെ മാരാങ്കോട് ഭാഗത്തെ സ്ഥലം താമസത്തിന് സജ്ജമാക്കിയതിനുശേഷം വനംവകുപ്പിന്റെ തടസ്സവാദങ്ങളുണ്ടായിരിക്കുകയാണ്. വീരാങ്കുടി ഉന്നതിയിലെ ജനങ്ങൾ .......(ബഹളം)..... സമീപത്തായി മാറിത്താമസിച്ച സ്ഥലത്തുവച്ച് ഒരു കുട്ടിയെ പുലി ആക്രമിച്ച സാഹചര്യത്തിൽ, മാരാങ്കോട് ഇവർക്കായി കണ്ടെത്തിയ സ്ഥലത്ത് കുടിൽകെട്ടി താമസിച്ചുവരുന്ന അമ്പതോളം കുടുംബങ്ങളെ അവിടെ പുനരധിവസിപ്പിക്കേണ്ടതുണ്ട്. കൃഷി വകുപ്പിന്റെ ജൈവ കർഷക ഉന്നതിക്കുള്ള പുരസ്കാരം നേടിയ, കൃഷി ഉപജീവനമാർഗ്ഗമാക്കിയിട്ടുള്ള അരേകാപ്പ്-വീരാങ്കുടി ഉന്നതിയിലെ മുഴുവൻ ആദിവാസി കുടുംബങ്ങളെയും മാരാങ്കോട് പുനരധിവസിപ്പിക്കുന്നതിനും അവർക്ക്

കൃഷി ചെയ്ത് ഉപജീവനം നടത്തുന്നതിനാവശ്യമായ ഭൂമി നൽകുന്നതിനും നടപടി സ്വീകരിക്കണമെന്നും ഞാൻ ഈ സഭയിൽ ആവശ്യപ്പെടുകയാണ്...... (ബഹളം)......

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): സർ, സംസ്ഥാനത്തെ പട്ടികവർഗ്ഗ വിഭാഗങ്ങളുമായി ബന്ധപ്പെട്ട പ്രധാന കാര്യങ്ങളാണ് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളത്. തൃശ്ശൂർ ജില്ലയിലെ ചാലക്കുടി താലൂക്കിലെ അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നതും മലയാറ്റൂർ വനം ഡിവിഷന്റെ ഇടമലയാർ ഫോറസ്റ്റ് റെയിഞ്ചിന്റെ കീഴിലുള്ള പെരുങ്ങുഴി ഫോറസ്റ്റ് സ്റ്റേഷന്റെ അധികാരപരിധിയിലുൾപ്പെടുന്നതുമായ കപ്പായം വനമേഖലയിലെ ആദിവാസി നഗറാണ് അരേകാപ്പ്-വീരാങ്കുടി. ഇവിടെ സൂചിപ്പിച്ച വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. അതുസംബന്ധിച്ച് പട്ടികവർഗ്ഗ വികസനം, വനം, റവന്യൂ വകുപ്പുകൾ സംയുക്തയോഗം ചേരുകയും ഈ വിഷയം പരിഹരിക്കുന്നതിനുവേണ്ടിയുള്ള

നടപടികൾ സ്വീകരിച്ചുവരികയുമാണ്. (വിശദമായ മറുപടി മേശപ്പുറത്ത് വച്ചു)[1]

ശ്രീ. കെ. കെ. രാമചന്ദ്രൻ: സർ, ആദിവാസി വിഭാഗത്തിൽപ്പെട്ട മുഴവൻ കുടുംബങ്ങൾക്കും വനാവകാശ നിയമപ്രകാരം ലഭിക്കേണ്ട ഭൂമി അനുവദിച്ചുനൽകുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്?

ശ്രീ. ഒ. ആർ. കേളു: സർ, സംസ്ഥാനത്തെ 14 ജില്ലകളിലുമായി മുഴവൻ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിനും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്. ലാൻഡ് ബാങ്ക് പദ്ധതിയിലൂടെയും വനാവകാശ നിയമപ്രകാരവും മിച്ചഭൂമികൾ ഉപയോഗിച്ചും പരമാവധി ഭൂമി ലഭ്യമാക്കി മുഴവൻ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗ കുടുംബങ്ങൾക്കും ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചുവരികയാണ്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം വളരെ ഗൗരവമേറിയ ഒരു പ്രശ്നമാണ് ഇവിടെ ഉന്നയിച്ചത്. ബഹുമാനപ്പെട്ട പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ

1 അനുബന്ധമായി ചേർത്തിരിക്കുന്നു.

ക്ഷേമ വകുപ്പുമന്ത്രി പറഞ്ഞതുപോലെ, ആദിവാസികളായ മനുഷ്യരുടെ ജീവിത പ്രശ്നങ്ങളാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. അതുസംബന്ധിച്ച് ബഹുമാന്യരായ വനം വകുപ്പുമന്ത്രിയുടെയും പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രിയുടെയും എന്റെയും സാന്നിധ്യത്തിൽ യോഗം ചേർന്നു. അവർക്ക് അനുവദിച്ച സ്ഥലത്ത് വന്യമൃഗങ്ങളുടെ ശല്യമുള്ളതിനാൽ അവിടെനിന്നും മാറി പോകേണ്ട സാഹചര്യമുള്ളതിനാൽ പുതിയ സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട പ്രശ്നമാണിത്. സംസ്ഥാനത്ത് ഭാവിയിൽ ഇത്തരമൊരു സാഹചര്യം ഇനിയുമുണ്ടായാൽ എന്ത് നടപടി സ്വീകരിക്കാമെന്നതിനെ സംബന്ധിച്ച് മൂന്ന് വകുപ്പുകളും ചേർന്ന് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിങ് പ്രൊസീജിയർ തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങളിലേക്ക് കടന്നിരിക്കുകയാണ്. ഇപ്പോഴത് അന്തിമ ഘട്ടത്തിലാണ്. അതിനാൽ അക്കാര്യം പരിഹരിക്കുകതന്നെ ചെയ്യും. ആദിവാസികളായ മനുഷ്യരുടെ ജീവിത പ്രശ്നം ചർച്ച ചെയ്യുമ്പോൾ ബഹുമാനപ്പെട്ട സ്പീക്കറുടെ മുഖം മറയ്ക്കുന്ന രീതിയിൽ പ്രതിപക്ഷം നടത്തുന്ന തെറ്റായ നടപടി ഗുണകരമായ കാര്യമല്ല. അതിനെ ആദിവാസികളോടുകൂടിയുള്ള അവഹേളനമായി സഭ കാണണം.

Uncorrected/Not for publication
06-10-2025

(നോട്ടീസ് നല്കിയ അംഗം ശ്രീമതി കെ. കെ. രമ സീറ്റിൽ ഇല്ലാതിരുന്നതിനാൽ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിക്കപ്പെട്ടില്ല.)